# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3884

21-10-2016 ൽ മറുപടിയ്ക്ക്

## മാവേലിക്കര റൈസ് അഗ്രോപാർക്ക്

| **ചോദ്യം**<br>ശ്രീ.ആർ. രാജേഷ് | **മറുപടി**<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരമുള്ള റൈസ് അഗ്രോപാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പാർക്ക് വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) ആലപ്പുഴ ജില്ലയിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുവേണ്ടിയുള്ള അഗ്രോപാർക്ക് സ്ഥാപിക്കുന്നതിന് 2016-17 പുതുക്കിയ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) തഴക്കരയിലെ ജില്ലാ കൃഷിത്തോട്ടത്തിന്റെ ആകെ വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ എത്ര സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ; ഇവിടെ പൂർണ്ണമായി കൃഷി ചെയ്യാതിരിക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) തഴക്കരയിലെ ജില്ലാ കൃഷിത്തോട്ടത്തിന്റെ ആകെ വിസ്തീർണ്ണം 34.72 ഹെക്ടറാണ്. നിലവിൽ 30.12 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു. തൊഴിലാളികളുടെ ദൗർലഭ്യം, യന്ത്രസാമഗ്രികളുടെ കുറവ്, ഉല്പാദനക്ഷമമല്ലാത്തതും കാലപ്പഴക്കംചെന്നതുമായ മാതൃവൃക്ഷങ്ങൾ ഉള്ള തോട്ടത്തിലെ വൻവൃക്ഷങ്ങൾ നീക്കം ചെയ്യാത്തത് എന്നീ കാരണങ്ങൾ കൊണ്ടാണ് ഇവിടെ പൂർണ്ണമായും കൃഷി ചെയ്യുവാൻ സാധിക്കാത്തത്. |

സെക്ഷൻ ഓഫീസർ